സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര അഗ്രോ ക്ലിനിക്കുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത ക്ലിനിക്കുകളിലൂടെ കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം ഇപ്പോൾ താറുമാറായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവയുടെ പ്രവർത്തനം വീണ്ടും സജീവമാക്കുന്നതിന് എന്തെങ്കിലും നടപടികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

കുട്ടനാട് റൈസ് ബയോ പാർക്ക്

1714 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് റൈസ് ബയോ പാർക്ക് സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ബയോപാർക്കിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

**കുട്ടനാട് പാലക്കാട് എന്നിവിടങ്ങളിൽ റൈസ് ബയോ പാർക്ക്**

1715

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിലെ റൈസ് ബയോ പാർക്ക്, പാലക്കാട് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയത് എന്നാണ്; പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയ്ക്ക് വേണ്ടിവരുന്ന മൊത്തം ചെലവ് എത്രയെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) തന്നാണ്ടിലെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തപ്പെട്ട തുക എത്ര; പദ്ധതി നിർവ്വഹണത്തിനായി ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി; പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യും ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

കല്ല്യാശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഗ്രീൻഹൗസുകൾ

1716 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾതോറും ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതിയനുസരിച്ച് കല്ല്യാശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഗ്രീൻ ഹൗസുകൾ സ്ഥാപിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഗുണഭോക്താക്കൾക്ക് എന്തൊക്കെ സഹായങ്ങളാണ് ഇതുവഴി ലഭ്യമാക്കുന്നത്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ഗ്രീന്‍ ഹൗസ് പദ്ധതി

1717 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഗ്രീന്‍ ഹൗസ് പദ്ധതി വ്യാപിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി പുതിയതായി ഏതെല്ലാം പഞ്ചായത്തുകളില്‍ പ്രസ്തുത പദ്ധതി നടപ്പില്‍ വരുത്തി എന്നറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സാങ്കേതിക പരിശീലനം നല്‍കുന്നതിന് വേണ്ടി ജില്ലാ കൃഷി ആഫീസറുടെ നേതൃത്വത്തില്‍ വിദഗ്ദ്ധ സമിതികള്‍ക്ക് രൂപം നല്‍കിയിട്ടുണ്ടോ; ഇത്തരത്തില്‍ എത്ര വിദഗ്ദ്ധ സമിതികള്‍ രൂപീകരിക്കപ്പെട്ടുവെന്നറിയിക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>വരൾച്ച നേരിടുന്നതിനായി കോഴിക്കോട് ജില്ലയിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

1718 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ വരുന്ന വേനൽക്കാലത്തെ വരൾച്ച കാർഷികമേഖലയെ ബാധിക്കുന്നത് തടയുന്നതിനായി കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

## വരൾച്ചമൂലമുള്ള കൃഷിനാശം

1719 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം സംസ്ഥാനത്ത് വരൾച്ചയെത്തുടർന്ന് എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചു; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) കടുത്ത വരൾച്ചയെത്തുടർന്ന് സംസ്ഥാനത്ത് എത്ര ഏക്കർ നെൽകൃഷി ഉണങ്ങി നശിച്ചു; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഉപ്പുവെള്ളം കയറി എത്ര ഹെക്ടർ നെൽപ്പാടം നശിച്ചു; വ്യക്തമാക്കുമോ;

(ഡി) മഴകുറവും അണക്കെട്ടുകളിൽ വെള്ളമില്ലാത്തതുമൂലവും നെൽകൃഷി ഏറ്റവും കൂടുതൽ നശിച്ചത് ഏത് ജില്ലയിലാണ്; എത്ര കോടിയുടെ നഷ്ടം; വ്യക്തമാക്കാമോ;

(ഇ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം കിട്ടാത്തതിനാൽ പാലക്കാട് ജില്ലയിൽ എത്ര ഏക്കറിലധികം കൃഷി നശിക്കുമെന്നാണ് സർക്കാർ കണക്കാക്കുന്നത്; വിശദമാക്കുമോ;

(എഫ്) ഇപ്പോൾ കർഷകർക്ക് വന്നിട്ടുള്ള നഷ്ടപരിഹാരത്തെക്കുറിച്ച് കർഷകരെ സഹായിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ജി) കടുത്ത വരൾച്ചയുമായി ബന്ധപ്പെട്ട് രണ്ടാം വിളയ്ക്ക് ഒരേക്കറിന് എത്ര ടൺ നെല്ല് വിളയിക്കാൻ കഴിയും; ഇത് പ്രകാരം ഉൽപാദനത്തിൽ എത്ര ടണ്ണിന്റെ കുറവു

വരും; വിശദമാക്കാമോ;

(എച്ച്) കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള വായ്പയ്ക്ക് ഉയർന്ന പലിശ ഈടാക്കുന്ന റിസർവ്വ് ബാങ്കിന്റെയും കേന്ദ്രസർക്കാരിന്റെയും നയം അംഗീകരിക്കാൻ ഈ സർക്കാർ തയ്യാറാണോ; വിശദമാക്കുമോ;

(ഐ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്നും ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വരൾച്ചമൂലം കാർഷികമേഖലയിലുണ്ടായ നഷ്ടം</u>

1720 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വരൾച്ച ബാധിതമായി കേരളത്തിലെ കാർഷിക വിളകൾ നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കാർഷിക മേഖലയിലുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

ചാത്തന്നൂർ ഏലായിലെ പുഞ്ചകൃഷി പദ്ധതി

1721 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലായിൽ കൃഷിവകുപ്പിന്റെയും, ത്രിതല പഞ്ചായത്തുകളുടെയും നേതൃത്വത്തിൽ പുഞ്ചകൃഷി നടത്തുവാൻ നടപടി സ്വീകരിച്ചുവോ; എങ്കിൽ എത്ര ഏക്കർ ഭൂമിയിലാണ് കൃഷി നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കൃഷി നടത്തുന്ന കർഷകർക്ക് ഏതൊക്കെ ഏജൻസികളിൽ നിന്നും എന്തൊക്കെ സഹായങ്ങൾ ഉല്പാദനോപാധികളായും സാമ്പത്തികമായും നൽകുന്നുണ്ട്; ഏജൻസി തിരിച്ച് അറിയിക്കുമോ;

(സി) നിലവിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്; ശേഷിക്കുന്ന സ്ഥലത്ത് കൃഷി ചെയ്യുന്നതിലേക്ക് തടസ്സങ്ങൾ വല്ലതുമുണ്ടോ; എങ്കിൽ എന്താണ്;

(ഡി) പോളച്ചിറ ഏലായിലെ കൃഷിഭൂമിയിൽ ഉപ്പിന്റെ അളവ് കൂടുതലാണെന്ന മണ്ണ് പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഇ) കൃഷിയിറക്കിയ കർഷകർക്ക് ആവശ്യമായ ജലം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>കൃഷി വകുപ്പ് കർഷകർക്ക് നൽകിവരുന്ന പെൻഷൻ പദ്ധതികൾ</u>

1722 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി വകുപ്പ് നിലവിൽ കർഷകർക്ക് നൽകി വരുന്ന പെൻഷനുകൾ ഏതെല്ലാം; എന്നറിയിക്കുമോ;

(ബി) ഇവ ഓരോന്നിനും നൽകി വരുന്ന തുക എത്രയെന്ന് അറിയിക്കാമോ ;

(സി) ഈ പെൻഷനുകളുടെ വിതരണത്തിൽ കുടിശ്ശിക യുണ്ടോ ;

(ഡി) എന്നു മുതൽക്കാണ് കുടിശ്ശികയുള്ളത് എന്നറിയിക്കാമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>ചെറുകിട കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച പെൻഷൻ</u>

1723

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അറുപത് വയസ്സ് കഴിഞ്ഞ ചെറുകിട – നാമമാത്ര കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച പെൻഷൻ 2012–ൽ എത്ര പേർക്ക് ലഭ്യമാക്കിയെന്ന് വിശദമാക്കാമോ;

(ബി) എത്ര രൂപ ഇതിനായി ചെലവഴിച്ചു; അപേക്ഷിച്ചവർക്കെല്ലാം പെൻഷൻ ലഭ്യമാക്കിയോ;

(സി) എത്ര മാസത്തെ കുടിശ്ശിക ഇപ്പോൾ കർഷകർക്ക് നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

നാളികേര വിഭവങ്ങൾ ഉദ്പാദിപ്പിക്കുന്നതിനുള്ള പുതിയ യൂണിറ്റുകളക്കുള്ള സബ്സിഡി

1724 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര വിഭവങ്ങൾ ഉദ്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മൂലധന ചെലവിന്റെ എത്ര ശതമാനം തുക സബ്സിഡിയായി നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; പകർപ്പ് നൽകാമോ; ഈ വർഷം ബഡ്ജറ്റ് അടങ്കൽ എത്ര; സബ്സിഡിക്കായി അപേക്ഷ ക്ഷണിച്ചത് എപ്പോഴായിരുന്നു;

(സി) സബ്സിഡിയ്ക്ക് എത്ര പേർ അപേക്ഷിച്ചിട്ടുണ്ട്; ഇതിനകം എത്ര പേർക്ക് സബ്സിഡി നൽകുകയുണ്ടായി; ജില്ല തിരിച്ച് ലിസ്റ്റ് നൽകാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

കൃഷിഭവൻ വഴിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ

1725 ശ്രീ. റ്റി.എ.അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിഭവൻ വഴി കർഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്യുമ്പോൾ ബാങ്ക് അക്കൗണ്ടുകൾ ദേശസാൽകൃത ബാങ്കിൽ നിന്നുള്ളതായിരിക്കണമെന്ന വ്യവസ്ഥ ഇളവു ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഗ്രാമപ്രദേശങ്ങളിൽ ദേശസാൽകൃത ബാങ്കുകളുടെ ശാഖകൾ ഇല്ലാത്തതിനാൽ കർഷകർക്ക് ഭാവിയിൽ ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നതിന് വിദൂരയാത്ര നടത്തേണ്ട അവസ്ഥ ഒഴിവാക്കുന്നതിനായി, സഹകരണ ബാങ്ക് അക്കൗണ്ടുകൾ കൂടി പരിഗണിക്കാൻ കഴിയുന്ന രീതിയിൽ വ്യവസ്ഥയിൽ ഇളവുനൽകാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കർഷക കുടുംബങ്ങളുടെ ആത്മഹത്യ</u>

1726 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷികത്തകർച്ചയും സാമ്പത്തിക പ്രയാസവും കാരണത്താൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ എണ്ണം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ആത്മഹത്യ ചെയ്ത എത്ര കുടുംബങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>കർഷക ആത്മഹത്യ ഒഴിവാക്കുന്നതിനുള്ള നടപടി</u>

1727 ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തു; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ;

(സി) കർഷക ആത്മഹത്യ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ കൃഷിനാശം മൂലം നഷ്ടമുണ്ടായവർക്ക് സഹായം</u>

1728 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മുണ്ടകൻ നെൽകൃഷി എത്ര ഹെക്ടറിലാണ് ഉള്ളത്;

(ബി) കൃഷിനാശം മൂലം എത്ര കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്;

(സി) നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള ആശ്വാസപദ്ധതികൾ</u>

1729 ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
,ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചമൂലം സംഭവിച്ചിട്ടുള്ള കൃഷിനാശത്തിന്റെ തോത് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) വരൾച്ചയെ അതിജീവിച്ച് കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം കരുതൽ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) വരൾച്ചയെ തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം ആശ്വാസ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ മടവീഴ്ചക്ക് നഷ്ടപരിഹാരം</u>

1730 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മടവീഴ്ച മൂലം കുട്ടനാട്ടിലെ ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷി നാശം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കർഷകർക്ക് ഈ ഇനത്തിൽ എത്ര തുക നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം പാടശേഖരങ്ങൾക്ക് ഇനിയും നഷ്ടപരിഹാരം അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>രാസവളങ്ങളുടെ വിലനിയന്ത്രണം</u>

1731

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രാസവളങ്ങൾക്ക് കേന്ദ്ര സർക്കാർ എത്ര തവണ വില വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നതിനും സബ്സിഡി നിരക്കിൽ കർഷകർക്ക് അവയുടെ ലഭ്യത ഉറപ്പ് വരുത്താനും സർക്കാർ തലത്തിൽ എന്തൊക്കെ ചെയ്യാൻ കഴിഞ്ഞു എന്ന് വിശദമാക്കാമോ;

(സി) ഇതിനായി എത്ര രൂപ കൃഷി വകുപ്പിൽ നിന്നും ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വാമനപുരം മണ്ഡലത്തിലെ കൃഷിക്കാർക്ക് സബ്സിഡി</u>

1732 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കൃഷിവകുപ്പ് മുഖാന്തിരം ഏതെല്ലാം കൃഷികൾക്ക് സബ്സിഡിയോ സഹായമോ നല്കിയിട്ടുണ്ടെന്നു വിശദമാക്കുമോ ;

(ബി) മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും വിവിധ കൃഷികൾക്കായി ആനുകൂല്യം നല്കിയവരുടെ -കൃഷി ഇനം, കർഷകന്റെ വിവരം, നല്കിയ തുക എന്നിവയടങ്ങിയ വിശദമായ പട്ടിക നല്കാമോ ;

(സി) ആനുകൂല്യം/സബ്സിഡി ഇനത്തിൽ ഇതുവരെ മണ്ഡലത്തിൽ എത്ര തുക ചെലവാക്കിയെന്നുള്ള വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>നാളികേര കർഷകർക്ക് ഇരുചക്ര വാഹനം വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ</u>

1733 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർക്ക് ഇരുചക്ര വാഹനം വാങ്ങുന്നതിന് ബാങ്ക് വായ്പയുടെ എത്ര ശതമാനം സബ്സിഡി നൽകുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; ഈ പദ്ധതിയുടെ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; ഒരു പകർപ്പ് നൽകുമോ ;

(ബി) ഈ പദ്ധതിക്ക് ബഡ്ജറ്റ് അടങ്കൽ എത്രയായിരുന്നു; എത്ര കർഷകർക്ക് സബ്സിഡി നൽകുകയുണ്ടായി; ലഭിച്ച അപേക്ഷയുടെ എണ്ണം എത്ര; സബ്സിഡി നൽകിയ ഇനത്തിൽ ഖജനാവിൽ നിന്നും ചെലവായ തുക എത്ര;

(സി) അടുത്ത വർഷം എത്രപേർക്ക് പ്രസ്തുത സഹായം നൽകാൻ
ലക്ഷ്യമുണ്ട്?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

പ്ലാന്റേഷൻ കോർപ്പറേഷൻ വാർഷികാഘോഷ
പരിപാടിയിലുണ്ടായ ഭക്ഷ്യവിഷബാധ

1734 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലടി പ്ലാന്റേഷൻ കോർപ്പറേഷന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന അഘോഷപരിപാടികളിലുണ്ടായ ഭക്ഷ്യവിഷബാധയേറ്റവർക്ക് ചികിത്സാ സൗകര്യത്തിന് പുറമെ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഭക്ഷ്യവിഷബാധയേറ്റവരുടെ പഠനാവസരങ്ങളും തൊഴിലവസരങ്ങളും നഷ്ടപ്പെടുവാനും ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കിയതിനുമുള്ള പ്രാതിനിധ്യ ബാദ്ധ്യത കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വിള ഇൻഷ്വറൻസ് പദ്ധതി</u>

1735 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പിനി ഓഫ് ഇന്ത്യയിലൂടെ നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) ഏതെല്ലാം വിളകൾക്കാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

വില്ലിച്ചിറ പാടശേഖരം കോൾ മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

1736 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വില്ലിച്ചിറ പാടശേഖരം കോൾ മേഖലയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ആനത്തൊട്ടാവാടിയുടെ വ്യാപനം തടയൽ

1737 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആനത്തൊട്ടാവാടി എന്ന സസ്യം സംസ്ഥാനത്തെ സസ്യസമ്പത്തിനെ നശിപ്പിക്കുകയും മനുഷ്യനും മൃഗങ്ങൾക്കും ഹാനികരവുമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആനത്തൊട്ടാവാടിയുടെ വ്യാപനം തടയുവാൻ കൃഷി വകുപ്പ് മുഖേന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

കൃഷി ഭവനുകൾ

1738 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കൃഷിഭവനുണ്ടെന്ന് പറയാമോ;

(ബി) എല്ലാ കൃഷിഭവനുകളിലുമായി പൂർണ്ണ ചുമതലയുള്ള കൃഷി ആഫീസർമാർ എത്ര പേരുണ്ടെന്ന് പറയാമോ;

(സി) സംസ്ഥാനത്തെ പല കൃഷി ഭവനുകളിലും ആഫീസർമാരില്ലാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കാൻ കഴിയുന്നില്ലെന്ന പരാതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) കൃഷി ആഫീസർമാരായി ചുമതല ഏൽക്കുകയും അവിടെനിന്നും മറ്റ് ആഫീസുകളിൽ 'വർക്ക് അറേഞ്ച്മെന്റായി' ജോലി നോക്കി വരുന്ന എത്രപേരുണ്ടെന്ന് പറയുമോ;

(എഫ്) 'വർക്ക് അറേഞ്ച്മെന്റ്' ആയി ജോലി നോക്കുന്നവരെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിന് ചുമതലയുള്ള കൃഷി ആഫീസുകളിലേക്ക് മടക്കി അയയ്ക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>സമുദ്രനിരപ്പിനു താഴെയുള്ള കൃഷി സംബന്ധിച്ച അന്തർ ദേശീയ ഗവേഷണ പരിശീലന കേന്ദ്രം</u>

1739 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമുദ്ര നിരപ്പിന് താഴെയുള്ള കൃഷി സംബന്ധിച്ച അന്തർ ദേശീയ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഭരണാനുമതി നല്കിയത് എന്നായിരുന്നു;

(ബി) പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര കോടിയാണ് ; നടപ്പു വർഷത്തെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; ഇതിനകം എന്ത് തുക ചെലവായിട്ടുണ്ട്; ഗവേഷണ കേന്ദ്രം എന്തെല്ലാം ഗവേഷണങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് ;

(സി) ഗവേഷണ കേന്ദ്രത്തിൽ ഭരണ നിർവ്വഹണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതിനകം എത്ര പേരെ ഏതെല്ലാം വ്യവസ്ഥകൾ പ്രകാരം നിയമിക്കുകയുണ്ടായി ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>അഗ്മാര്‍ക്ക് ട്രേഡിംഗ് ലബോറട്ടറികള്‍</u>

1740 ശ്രീ. മുല്ലക്കര രത്നാകരന്‍
'' കെ. രാജു
'' ഇ.കെ. വിജയന്‍
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര അഗ്മാര്‍ക്ക് ട്രേഡിംഗ് ലബോറട്ടറികള്‍ പ്രവര്‍ത്തിക്കുന്നുണ്ട്; പ്രസ്തുത ലബോറട്ടറികളുടെ പ്രവര്‍ത്തന ലക്ഷ്യങ്ങള്‍ എന്തെല്ലാം;

(ബി) കാര്‍ഷിക-ഭക്ഷ്യ ഉല്‍പന്നങ്ങളായ എത്ര ഇനം സാധനങ്ങള്‍ക്ക് പ്രസ്തുത ലബോറട്ടറികളില്‍ നിന്നും അഗ്മാര്‍ക്ക് സര്‍ട്ടിഫിക്കേഷന്‍ നല്‍കുന്നുണ്ട്; അവ ഏതെല്ലാം;

(സി) പ്രസ്തുത ലബോറട്ടറികളില്‍ നിന്നും യഥാസമയം ഉല്‍പന്നങ്ങള്‍ക്ക് സര്‍ട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുന്ന വിവരം ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ സര്‍ട്ടിഫിക്കറ്റ് നല്‍കാന്‍ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) മായം ചേരാത്ത കാര്‍ഷിക - ഭക്ഷ്യ ഉല്‍പന്നങ്ങള്‍ ലഭിക്കാനുള്ള ജനങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>അഗ്മാർക്ക് സർട്ടിഫിക്കേഷൻ</u>

1741 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഗ്മാർക്ക് ഗ്രേഡിംഗ് ലബോറട്ടറിയിൽ നിയമിച്ചിട്ടുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നിശ്ചിത യോഗ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) എത്ര ഇനങ്ങൾക്കാണ് അഗ്മാർക്ക് സർട്ടിഫിക്കേഷൻ നിർബന്ധമാക്കിയിട്ടുള്ളത്; അത് ഏതൊക്കെ ഇനങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ;;

(സി) സ്റ്റേറ്റ് അഗ്മാർക്ക് ഗ്രേഡിംഗ് ലബോറട്ടറികളിൽ നിയമിക്കപ്പെടാൻ സംസ്ഥാനത്ത് എത്ര കൃഷി അസിസ്റ്റന്റ് ഡയറക്ടർ മാർക്കാണ് വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

കൃഷിഭവനുകളിൽ കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി

1742 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 10 വർഷത്തിലേറെയായി കൃഷിഭവനുകളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ വൈപ്പിൻ കൃഷിഭവനിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടിട്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാരുടെ നിയമനം</u>

1743 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ; വൈക്കം നിയോജകമണ്ഡലത്തിൽ എത്ര കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്;

(ബി) കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകളിൽ താല്ക്കാലികമായി നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രകാലത്തേയ്ക്കാണ് ഈ രീതിയിൽ നിയമനം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.
എസ്.സി. ലിസ്റ്റ് നിലവിലുണ്ടോയെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

പെരുവള്ളൂര്‍ കൃഷി ഓഫീസിലെ കൃഷി അസിസ്റ്റന്റുമാരുടെ നിയമനം

1744 ശ്രീ. കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പെരുവള്ളൂര്‍ പഞ്ചായത്തിലെ കൃഷി ഓഫീസില്‍ കൃഷി അസിസ്റ്റന്റുമാരുടെ നിയമനം നടക്കാത്തതിനാല്‍ അനുഭവപ്പെടുന്ന പ്രയാസം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഞ്ചായത്തില്‍ അടിയന്തരമായി രണ്ടു കൃഷി അസിസ്റ്റന്റുമാരെ നിയമിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

അരൂർ മണ്ഡലത്തിലെ സോയിൽ കൺസർവേഷൻ

1745 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വാമനപുരത്തെ സോയിൽ കൺസർവേഷൻ പ്രവർത്തനങ്ങൾ</u>

1746 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏതെല്ലാം ; ഇവയ്ക്ക് ചെലവഴിച്ച തുക എത്രയാണെന്നുമുള്ള കണക്ക് ഇനം തിരിച്ച് വിശദമാക്കുമോ ;

(ബി) പൂർത്തിയാക്കാത്തതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

കുടപ്പുഴയിലെ അഗ്രോണമിക് റിസർച്ച് സെന്ററിന്റെ നിർമ്മാണം

1747 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള, ചാലക്കുടി മണ്ഡലത്തിലെ കുടപ്പുഴയിലെ അഗ്രോണമിക് റിസർച്ച് സെന്റർ, കുടപ്പുഴയ്ക്ക് ഒരു വാട്ടർ ടെക്നോളജി സെന്റർ ഇവ അനുവദിക്കുന്നതിനായി എത്ര രൂപയാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ബി) അതിൽ എത്ര രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്;

(സി) ബാക്കി തുക കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>നീലേശ്വരം ബസ് സ്റ്റാന്‍ഡ് നിര്‍മ്മിക്കാന്‍ കാര്‍ഷിക സര്‍വ്വകലാശാല നല്കിയ സ്ഥലം</u>

1748 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നീലേശ്വരം നഗരസഭയ്ക്ക് ബസ് സ്റ്റാന്‍ഡ് നിര്‍മ്മിക്കാന്‍ കാര്‍ഷികസര്‍വ്വകലാശാലയുടെ സ്ഥലം എന്നാണ് അനുവദിച്ചത്;

(ബി) ഈ സ്ഥലം നഗരസഭയ്ക്കു കൈമാറിയിട്ടുണ്ടോ;

(സി) ഇല്ലെങ്കില്‍ എന്തുകൊണ്ടാണെന്നും, എന്നു കൈമാറുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>തെരുവ്നായ്ക്കളുടെ വന്ധ്യംകരണ പരിപാടി</u>

1749 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക യൂണിവേഴ്സിറ്റിയിൽ ഡോ. നാരായണന്റെ നേതൃത്വത്തിൽ നടക്കുന്ന തെരുവ് നായ വന്ധ്യംകരണ പരിപാടിയായ (ഇ.എൻ.ഡി) പദ്ധതിയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവ് നായ്ക്കൾ പെരുകുന്നത് ഈ പദ്ധതിയിലൂടെ തടയുവാൻ കഴിയുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എൽ.എസ്.ജി.ഡി. സഹകരിച്ച് ഈ പദ്ധതി കേരളം മുഴുവൻ നടപ്പിലാക്കുവാൻ ശ്രമിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ഓണാട്ടുകര കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം</u>

1750 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര മേഖല കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതു സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>കേരള ഫീഡ്സ് കാലിത്തീറ്റ</u>

1751 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫീഡ്സ് ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയ്ക്ക് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര തവണ വില വർദ്ധിപ്പിച്ചു; ഇപ്പോൾ കിലോഗ്രാമിന് എന്ത് വിലയ്ക്കാണ് കാലിത്തീറ്റ കർഷകർക്ക് നൽകുന്നത്;

(ബി) കേരള ഫീഡ്സ് കാലിത്തീറ്റ സംസ്ഥാനത്തെ എല്ലാ ഭാഗത്തും സുലഭമായി ലഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു വരുന്നു;

(സി) കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേരള ഫീഡ്സിനെ വൈവിദ്ധ്യവത്ക്കരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം

1752 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ബഡ്ജറ്റിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഓരോ ഇനത്തിലും വകയിരുത്തിയ പദ്ധതി പദ്ധതിയേതര തുകയും ഇതുവരെയുള്ള ചെലവു വിവര പട്ടികയും ലഭ്യമാക്കാമോ ;

(ബി) 2012- 13 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ; ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്ര ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പശുവളർത്തൽ</u>

1753 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻവർഷങ്ങളെ അപേക്ഷിച്ച് പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാൽവില വർദ്ധിപ്പിച്ചിട്ടും പശുവളർത്തൽ ലാഭകരമല്ലാതാകാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ഗുണമേന്മയുള്ള പാൽ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ആന്ത്രാക്സ് രോഗം</u>

1754 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ തേനിയിൽ ആന്ത്രാക്സ് രോഗാണുക്കൾ കന്നുകാലികളിൽ കണ്ടെത്തിയ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന കന്നുകാലികളിൽ ഇത്തരം രോഗബാധയില്ല എന്നുറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ആന്ത്രാക്സ് നിയന്ത്രിക്കുന്നതിന് സംവിധാനം</u>

1755 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തുന്ന കന്നുകാലികൾക്ക് ആന്ത്രാക്സ് ഉൾപ്പെടെയുള്ള സാംക്രമികരോഗങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച മുൻകരുതൽ നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ചെക്ക് പോസ്റ്റുകളിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാണോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ;

(സി) അതിർത്തി ചെക്ക് പോസ്റ്റുകളിൽ ഇത് തടയുന്നതിനായി എന്തെല്ലാം സംവിധാനങ്ങളും ക്രമീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>ആന്ത്രാക്സ് രോഗം</u>

1756 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെങ്കിലും കന്നുകാലികളിൽ ആന്ത്രാക്സ് രോഗം കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയാണ്; എന്തൊക്കെ പ്രതിരോധനടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും ആട്, കോഴി, മാട് എന്നീ ഇനത്തിൽ എത്ര കിലോ മാംസം ഒരു വർഷത്തിൽ കേരളത്തിലേക്ക് കൊണ്ടുവരുന്നുണ്ട്;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറച്ചിക്കായി കോഴികളെയും കന്നുകാലികളെയും കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളുണ്ട്; വ്യക്തമാക്കുമോ;

(ഡി) നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് ഇറച്ചിക്കായി കോഴികളെയും കന്നുകാലികളെയും കൊണ്ടുവരുന്നതെന്ന് ഉറപ്പുവരുത്താൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>കാട കോഴി വളർത്തൽ</u>

1757

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനം – പരിസ്ഥിതി വകുപ്പ് കാട കോഴി വളർത്തൽ നിരോധിച്ചിട്ടുണ്ടോ; കേരളത്തിലും നിരോധനം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; പ്രസ്തുത നിരോധനത്തിനെതിരെ നിലവിൽ കോടതി വിധിയുണ്ടോ;

(ബി) സംസ്ഥാന ജന്തുക്ഷേമ ബോർഡ് കൂട്ടിലടച്ചുള്ള പക്ഷിവളർത്തലിനെതിരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആ ഉത്തരവ് കോഴി വളർത്തലിനും കാട കോഴി വളർത്തലിനും ബാധകമാണോ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) കാട കോഴി വളർത്തൽ നിരോധിച്ചതിനെത്തുടർന്ന് നബാർഡ് പോലുള്ള സ്ഥാപനങ്ങൾ കാട കോഴി വളർത്തലിന് വായ്പകൾ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാട കോഴി ഇറച്ചിയും മുട്ടയും പോഷകഗുണവും ഔഷധഗുണവും ഉള്ളതാണെന്നിരിക്കെ ഈ തൊഴിലിനെ പ്രോത്സാഹിപ്പിക്കാനും നിലവിലെ പ്രതിസന്ധി പരിഹരിക്കാനും എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പദ്ധതികൾ</u>

1758 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) നിയോജകമണ്ഡല അടിസ്ഥാനത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; കൊല്ലം ജില്ലയിലെ ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;

(സി) സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;

(ഡി) പദ്ധതി നടപ്പിലാക്കുമ്പോൾ പ്രസ്തുത മണ്ഡലത്തെ പൂർണ്ണമായും അവഗണിക്കുന്നുവെന്ന ആക്ഷേപം പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, ജനപ്രതിനിധികൾക്കും ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>കെപ്കോയുടെ കോഴിത്തീറ്റ ഉൽപ്പാദന പ്ലാന്റുകൾ</u>

1759 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെപ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന കോഴിത്തീറ്റ ഉൽപ്പാദനപ്ലാന്റുകൾ എത്ര ; എവിടെയെല്ലാം;

(ബി) കെപ്കോ കോഴിത്തീറ്റ പൊതുവിപണിയിൽ വിതരണം ചെയ്യാൻ മാത്രമുള്ള അളവിൽ ഇപ്പോൾ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കൂടുതൽ പ്ലാന്റുകൾ സ്ഥാപിച്ച് പൊതുവിപണിയിൽ കോഴിത്തീറ്റ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>മൾട്ടി സ്പെഷ്യാലിറ്റി മൊബൈൽ വെറ്ററിനറി ക്ലിനിക്കും എമർജൻസി വെറ്ററിനറി കെയർ സർവ്വീസും</u>

1760 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മൾട്ടി സ്പെഷ്യാലിറ്റി മൊബൈൽ വെറ്ററിനറി ക്ലിനിക്കും എമർജൻസി വെറ്ററിനറി കെയർ സർവ്വീസും എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; നേട്ടങ്ങൾ വിശദമാക്കാമോ?

**കേരള നിയമസഭ**
**11.02.2013–ലെ മറുപടിക്ക്**

<u>ചാലക്കുടിയിൽ ബ്രീഡ്ഫാം വികസനം</u>

1761 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട തുമ്പൂർമുഴി ബ്രീഡ്ഫാം വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ഹൈടെക് ഫാമിംഗ് പദ്ധതിയുടെ പ്രവര്‍ത്തനങ്ങള്‍

1762 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊന്നാനി മണ്ഡലത്തില്‍ ഹൈടെക് ഫാമിംഗ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവര്‍ത്തനങ്ങള്‍ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങള്‍ നിലവിലുണ്ടോ;

(സി) സംസ്ഥാനത്ത് ഇതുവരെ എത്ര ഹൈടെക് ഫാമുകള്‍ തുടങ്ങിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

ചാലക്കുടി മണ്ഡലത്തിലെ പോത്തിറച്ചി സംസ്കരണ ഫാക്ടറി

1763 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കാഞ്ഞിരപ്പിള്ളിയിൽ പോത്തിറച്ചി സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഫാക്ടറിയുടെ നിർമ്മാണം എന്ന് ആരംഭിയ്ക്കുവാൻ കഴിയും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക</u>

1764

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് എത്ര ശതമാനം ഒഴിവുകളാണ് മാറ്റിവെക്കേണ്ടത്; വ്യക്തമാക്കാമോ;

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 27.03.2008 മുതൽ നാളിതുവരെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് ഉണ്ടായിട്ടുള്ളത്; അവയിൽ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് എത്ര ഒഴിവുകൾ വീതം മാറ്റിവെച്ചിട്ടുണ്ട്; അതിൽ പി.എസ്.സി.ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകളിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിനായി എത്ര വീതം ഒഴിവുകൾ മാറ്റിവെച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കെ.എൽ.ഡി ബോർഡിലെ സി.എ. തസ്തിക</u>

1765 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി. ബോർഡിലെ 13 സി.എ. തസ്തികകളിൽ നിലവിൽ എത്രപേർ ഉണ്ട്; അവർ ആരൊക്കെ; എവിടെയൊക്കെ ജോലിചെയ്യുന്നുവെന്ന് അറിയിക്കുമോ;

(ബി) ഇവർ തൽസ്ഥലങ്ങളിൽ ജോലി ചെയ്യാൻ തുടങ്ങിയിട്ട് എത്ര വർഷമായി;

(സി) സർവ്വീസിന്റെ കാര്യക്ഷമതയ്ക്കായി ദീർഘനാൾ ഒരേ സ്ഥലത്ത് ജോലിചെയ്യുന്നവരെ മാറ്റണമെന്ന മാനദണ്ഡങ്ങളിൽ നിന്ന് സി.എ. വിഭാഗത്തെ മാത്രം ഒഴിവാക്കുന്ന രീതിയ്ക്ക് മാറ്റം വരുത്തുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് പ്രസ്സില്‍ അച്ചടി പ്ലേറ്റുകള്‍</u>

1766 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവണ്‍മെന്റ് പ്രസ്സില്‍ അച്ചടിപ്ലേറ്റുകള്‍ വാങ്ങിയതില്‍ ക്രമക്കേടുകള്‍ നടന്നതായുള്ള വാര്‍ത്ത ശരിയാണോ;

(ബി) ആവശ്യമായ ടെണ്ടര്‍ നടപടിക്രമങ്ങള്‍ പാലിച്ചാണോ അച്ചടി പ്ലേറ്റുകള്‍ വാങ്ങിയത്; അച്ചടി വിഭാഗത്തിലെ ക്വാളിറ്റി കണ്‍ട്രോളര്‍ മാതൃകാ പ്ലേറ്റുകള്‍ പരിശോധിച്ച് അംഗീകാരം നല്‍കിയിരുന്നോ; വിശദമാക്കുമോ;

(സി) വാങ്ങിയ അച്ചടി പ്ലേറ്റുകളുടെ ഗുണനിലവാരം സംബന്ധിച്ചും അവ വാങ്ങാനായി എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) ഗവണ്‍മെന്റ് പ്രസ്സിലെ അച്ചടി ജോലി ലാഭത്തിലാണോ നഷ്ടത്തിലാണോ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>സർക്കാർ ഡയറിയിലെ തെറ്റ്</u>

1767

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സർക്കാർ ഡയറികളും കലണ്ടറുകളും പ്രിന്റ് ചെയ്യുന്നതിന് ചെലവായ ആകെ തുക എത്ര;

(ബി) പ്രിന്റ് ചെയ്ത ഡയറികളിൽ തെറ്റായ വിവരം വന്നതിനാൽ എത്ര ഡയറികൾ വിതരണം ചെയ്യാതെ മാറ്റിവച്ചിട്ടുണ്ട്; സംഭവിച്ച തെറ്റ് എന്തായിരുന്നു; ഇതേ തെറ്റ് മുൻവർഷത്തെ സർക്കാർ ഡയറിയിലും സംഭവിക്കുകയുണ്ടായോ; തെറ്റ് ചൂണ്ടികാണിക്കപ്പെട്ടതിനു ശേഷവും അത് ആവർത്തിക്കാനിടയായത് എന്തുകൊണ്ടാണ്;

(സി) പ്രതിപക്ഷ നേതാവിന്റെ നമ്പറിന് പകരം ഗവൺമെന്റ് ചീഫ് വിപ്പിന്റെ നമ്പർ ഡയറിയിൽ നൽകിയ തെറ്റ് ഈ വർഷവും ആവർത്തിക്കുകയുണ്ടായോ; ഇതിനുത്തരവാദികൾ ആരായിരുന്നു; സ്വീകരിച്ച നടപടി എന്ത് ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ പുതിയ സർക്കാർ പ്രസ്സ്</u>

1768 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും പുതിയ സർക്കാർ പ്രസ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏത് ജില്ലയിലാണ്; ഏത് മണ്ഡലത്തിലാണ്; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ ഓഫീസുകളുള്ള മലപ്പുറം ജില്ലയിൽ പുതിയ സർക്കാർ പ്രിന്റിംഗ് പ്രസ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പ്രസ്സുകളിലെ ബൈൻഡർ ഗ്രേഡ് 2 തസ്തിക</u>

1769 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലുള്ള ഗവൺമെന്റ് പ്രസ്സ്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, സ്റ്റാമ്പ് മാനുഫാക്ചറിംഗ് പ്രസ്സ്, സെൻട്രൽ ജയിൽ പ്രസ്സ് എന്നിവിടങ്ങളിൽ ബൈൻഡർ ഗ്രേഡ് 2 തസ്തികകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികകളിൽ വകുപ്പുതല പ്രമോഷൻ ലഭിച്ചവർ എത്ര; പി.എസ്.സി. മുഖേന ജോലി ലഭിച്ചവർ എത്ര; പി.എസ്.സി.യുടെയും പ്രമോഷൻ ലഭിച്ചവരുടേയും നിലവിലുള്ള അനുപാതം എത്ര; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ഗവൺമെന്റ് പ്രസ്സുകളിൽ ബൈൻഡർ ഗ്രേഡ് 2 തസ്തിക

1770 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1976-ലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ വരുന്നതിന് മുമ്പ് കേരളത്തിലെ ഗവൺമെന്റ് പ്രസ്സുകളിൽ ബൈൻഡർ ഗ്രേഡ് 2 -ൽ എത്ര തസ്തികകളാണ് ഉണ്ടായിരുന്നത്; അതിനുശേഷം പുതുതായി എത്ര തസ്തികകളാണ് അനുവദിച്ചത്; വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴിയും, പ്രൊമോഷൻ വഴിയും ജോലി ലഭിക്കുന്നതിന് നിശ്ചയിച്ച അനുപാതം എന്തെന്ന് വ്യക്തമാക്കുമോ ?